**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശാനുസരണം കോവിഡ് 19 ലോക്ഡൗൺ കാലഘട്ടത്തിലെ സിഡിഎസ് പ്രവർത്തന റിപ്പോർട്ട്.**

| | | |
|---|---|---|
| ജില്ല | : | കൊല്ലം |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇത്തിക്കര |
| ഗ്രാമ പഞ്ചായത്ത് സിഡിഎസ് | : | ചാത്തന്നൂർ |
| വാർഡുകളുടെ എണ്ണം | : | 18 |
| അയൽക്കൂട്ടങ്ങളുടെ എണ്ണം | : | 311 |
| സംരംഭങ്ങളുടെ എണ്ണം | : | 46 |

സർക്കാർ മാർച്ച് 25 നു ലോക്ക് ഡൌൺ പ്രഖ്യാപിക്കുന്നതിന് മുന്നേ തന്നെ സി ഡി എസ്സിന്റെ നേതൃത്വത്തിൽ covid -19 നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടക്കം കുറിച്ചിരുന്നു .ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ covid -19 നുമായി ബന്ധപ്പെട്ട് താഴെ തട്ടിലേക്ക് വിവരങ്ങൾ വേഗത്തിലും സുതാര്യമായും അറിയിക്കുന്നതിന് വേണ്ടി വാർഡ് തലത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ചേർത്ത് ഓരോ വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അയൽക്കൂട്ടങ്ങൾ പ്രതിനിധീകരിച്ചു ഒരംഗത്തിനെ പ്രസിഡന്റ് / സെക്രട്ടറി / അംഗം ചേർക്കുകയും ചെയ്തു .ഇത് കാര്യങ്ങൾ വളരെ എളുപ്പത്തിൽ താഴെ തട്ടിലേക്ക് യഥാസമയം എത്തിക്കുന്നതിന് സഹായകമായി .പഞ്ചായത്തിന്റെ സന്നദ്ധ സേനയോടൊപ്പം വാർഡ് തലത്തിൽ രണ്ട് കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തുകയും വാർഡ് തലത്തിൽ സന്നദ്ധ പ്രവർത്തന ങ്ങൾക്ക് പങ്കാളിത്തം വഹിക്കുകയും ചെയ്തു .



കോവിഡ് .19 മായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ സഹായഹസ്തമായി CM HLS വായ്പ കുടുംബശ്രീ അംഗങ്ങൾക്ക് നൽകുന്നതിന് ട്രിപ്പിൾ ലോക്ക് ഡൌൺ സാഹചര്യത്തിലും സിഡിഎസ് സംവിധാനം ഉണർന്നു പ്രവർത്തിച്ചു .സിഡിഎസ്സിലെ 311അയൽക്കൂട്ടങ്ങളിൽ 232 എണ്ണം ലോൺ ആവശ്യപ്പെടുകയും (2465 അംഗങ്ങൾ ) ഇതിൽ ബാങ്കിന് അപേക്ഷകൾ സമർപ്പിച്ചപ്പോൾ 2433 പേരെ അര്ഹരായി ത്തിരഞ്ഞെടുക്കുയുമുണ്ടായി .ഒരുകോടി തൊണ്ണൂറ്റി നാല് ലക്ഷത്തി പതിനായിരം രൂപയുടെ സഹായ ഹസ്തം CM HLS വായ്പയിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

കോവിഡ് .19 മായി ബന്ധപ്പെട്ട കൊല്ലം ജില്ലാമിഷന്റെ നേതൃത്വത്തിൽ സിഡിഎസ്സിലെ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ ഗുണമേന്മയുള്ള തുണി മാസ്കുകൾ നിർമ്മിക്കുകയും 5 000 മാസ്കു കളോളം ആവശ്യക്കാരിലേക്ക് കൈമാറുകയും ചെയ്തു. ആരോഗ്യമേഖല ,ടൂറിസം മേഖല , പൊതു ജനങ്ങൾ,തൊഴിലുറപ്പ് എന്നിവയിലേക്ക് അവശ്യ പ്രകാരം യൂണിറ്റുകൾ മാസ്ക് നിർമിച്ചു നൽകുകയുണ്ടായി .ലോക്ക് ഡൌൺ പീരീഡില് സംരംഭകർക്ക് ഇതിലൂടെ ഒരു വരുമാന മാർഗം കണ്ടെത്താൻ സാധിച്ചു .




കോവിഡ് .19 മായി ബന്ധപ്പെട്ട കൊല്ലം ജില്ലാമിഷന്റെ നേതൃത്വത്തിൽ സിഡിഎസ്സിലെ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ റേഷൻ കടകളിലൂടെ കിറ്റ് വിതരണം ചെയ്യുന്നതിലേക്ക് 3000 ൽ അധികം തുണിസഞ്ചികൾ നിർമിച്ചു സപ്പ്ളൈകോ യിലേക്ക് നൽകി.



കോവിഡ് .19 മായി ബന്ധപ്പെട്ട് ലോക്ഡോൺ പ്രഖ്യാപിച്ചപ്പോൾ തന്നെ കുടുംബശ്രീയും പഞ്ചായത്തുമായി സഹകരിച്ചു കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയുണ്ടായി .നിലവിൽ ഉണ്ടായിരുന്ന രുചി കാറ്ററിംഗ് യൂണിറ്റിനെ തിരഞ്ഞെടുക്കുകയും സന്നദ്ധ സേനയുടെ സഹായത്തോടെ ഭക്ഷണ പൊതികൾ ആവശ്യക്കാരിലേക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഒരുക്കിരുന്നു .ക്വാറന്റൈൻ കഴിയുന്നവർക്കും പഞ്ചായത്തിന്റെ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും സൗജന്യ ഭക്ഷണം കമ്മ്യൂണിറ്റി കിച്ചൻ വഴി വിതരണം ചെയ്യാൻ സാധിച്ചു .പഞ്ചായത്തും സി ഡി എസ്സും മുൻകൈയ്യെടുത്തു മാർച്ച് 27 മുതൽ ആരംഭിച്ച കമ്മ്യൂണിറ്റി കിചന്റെ പ്രവർത്തനങ്ങൾ മെയ് 10 വരെ തുടരുകയും നല്ല നിലയിൽ പ്രവർത്തനം കാഴ്ച വെയ്ക്കാൻ സാധിക്കുകയും ചെയ്തു..പഞ്ചായത്ത് പരിധിയിൽ ഒരാൾ പോലും വിശന്നിരിക്കരുത് എന്ന ലക്ഷ്യത്തിൽ തുടങ്ങിയ കമ്മ്യൂണിറ്റി കിച്ചൺ കുറ്റമറ്റ നിലയിൽ തന്നെ പ്രവർത്തനം പൂർത്തീകരിച്ചു ..



മാർച് 28 മുതൽ ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു .നിലവിൽ പ്രവർത്തിച്ചിരുന്ന മേം സാഹിബ് എന്ന ഹോട്ടൽ ജനകീയ ഹോട്ടൽ സംവിധാനത്തിലേക്ക് മാറ്റിയെടുത്തു . ദിവസവും 20 രൂപയുടെ മുന്നൂറിൽ കുറയാതെ ഭക്ഷണപ്പൊതികൾ ഇവിടെ നിന്ന് കൊടുക്കുവാൻ സാധിക്കുന്നുണ്ട്. പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും പിന്തുണയോടു കൂടി ജനകീയ ഹോട്ടൽ പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ട് പോകുന്നു .മറ്റ് ഹോട്ടൽ സംവിധാനങ്ങൾ പ്രവർത്തിക്കാതിരിന്നപ്പോൾ ജനകീയ ഹോട്ടൽ സംവിധാനം ജനങ്ങൾക്ക് ഏറെ പ്രജോജനപ്പെട്ടു .മിതമായ വിലയിൽ ഗുണമേന്മയുള്ളതും വൃത്തിയുള്ളതുമായ പ്രഭാത ഭക്ഷണം ,ഉച്ചയൂണ് , സായാഹ്ന ഭക്ഷണം എന്നിവ നല്കാൻ ജനകീയ ഹോട്ടലിനു സാധിച്ചു .




ആശ്രയ ഗുണ ഭോക്തയാക്കൾക്കുള്ള ഭക്ഷണ കിറ്റുകൾ പഞ്ചായത്ത് ഭരണ സമിതിയുടെ സഹായത്തോടുകൂടി പഞ്ചായത്ത് വാഹനത്തിൽ തന്നെ വാർഡ് മെമ്പറിന്റെയും സിഡിഎസ് മെമ്പറിന്റെയും നേതൃത്വത്തിൽ വീടുകളിൽ എത്തിച്ചു നൽകാൻ കഴിഞ്ഞിട്ടുണ്ട് .

JLG ഗ്രൂപ്പുകൾ ചെയ്ത കാർഷിക ഉത്പന്നങ്ങൾ വാർഡ് തലത്തിൽ തന്നെ വില്പന നടത്താനുള്ള സംവിധാനം ഉണ്ടാക്കുകയും കർഷകരുടെ വരുമാനം ഉറപ്പാക്കുകയും ചെയ്തു .കാർഷിക ഉത്പന്നങ്ങൾ സൗജന്യമായി കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനങ്ങൾക്ക് നൽകുകയും ചെയ്തു.



ബാലസഭാ കുട്ടികളുടെ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുകയും കുട്ടികൾക്ക് ലോക്ഡൌൺ പീരിഡിലെ മാനസിക ഉല്ലാസം ഉറപ്പാക്കുകയും ചെയ്തു, വയോജനങ്ങൾക്ക് കൗൺസിലിങ് സംവിധാനങ്ങൾ ഒരുക്കുകയും അവർക്കുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും മുന്കയ്യെടുത്തു പ്രവർത്തിച്ചു .

റിപ്പോർട്ട് തയ്യാറാക്കിയത് : ജാസ്മി .എസ്സ് ബ്ലോക്ക് കോഓർഡിനേറ്റർ ( എം ഇ & മാർക്കറ്റിംഗ് ) ഇത്തിക്കര ബ്ലോക്ക് ,കുടുംബശ്രീ ,കൊല്ലം .

കടപ്പാട് : സിഡിഎസ് ചെയർപേഴ്സൺ -ശ്രീമതി .സിനി അജയൻ

സിഡിഎസ് മെമ്പർ സെക്രട്ടറി - ശ്രീ സജി തോമസ്

സിഡിഎസ് അക്കൗണ്ടന്റ് - ശ്രീമതി സരിത മോൾ